ദേശീയ യുവജന ദിനാഘോഷം ബഹുമാനപ്പെട്ട മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു

ശ്രീ വിദ്യാധിരാജ വിദ്യാമന്ദിർ ഹയർസെക്കൻഡറി സ്കൂളിന്റെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിന്ന ദേശീയ യുവജന ദിനാഘോഷത്തിന്റെ സമാപന സമ്മേളനം ബഹുമാനപ്പെട്ട മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. സ്കൂൾ വളപ്പിൽ യുവജന ദിന ഓർമ്മമരമായി ഒരു തൈമാവ് നട്ടകയും അതിന് കടന്നപ്പള്ളി രാമചന്ദ്രൻ മാവ് എന്ന നാമകരണം നൽകുകയും ചെയ്തു. യോഗാനന്തരം മന്ത്രി  മികച്ച വിജയം നേടിയ കുട്ടികളെ മെഡൽ അണിയിക്കുകയും, തുടർന്ന് അദ്ദേഹം ഒരു ഗാനവും ആലപിച്ചു.
യോഗത്തിൽ സ്കൂൾ അഡ്മിനിസ്ട്രേറ്റർ പ്രസാദ് കുമാർ നായർ അധ്യക്ഷത വഹിച്ചു, സ്കൂൾ മാനേജർ ഡോ. ആർ അജയകുമാർ, കൗൺസിലർ പാളയം രാജൻ, വിദ്യാധിരാജ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ റാണി ചന്ദ്രൻ,  ഹൈസ്കൂൾ പ്രിൻസിപ്പൽ ആർ ജയരാജ്, ഹെഡ്മിസ്ട്രസ്സ് എം. ഡോറ പൂർവവിദ്യാർഥി പ്രതിനിധി ആർ ഗണേഷ് തുടങ്ങിയവർ സംസാരിച്ചു.